**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1579** — **12-06-2019-ൽ മറുപടിക്ക്**

## കരുനാഗപ്പള്ളി കേരഫെഡ് ഓയിൽ കോംപ്ലക്സ്

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ആർ.രാമചന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി കേരഫെഡ് ഓയിൽ കോംപ്ലക്സിനുവേണ്ടി ഏറ്റെടുത്ത ഭൂമിയിൽ തരിശായി കിടക്കുന്ന പ്രദേശത്ത് കൃഷി ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) യും (ബി) യും (സി) യും | 2008 മുതൽ കുലശേഖരപുരം കൃഷി ഭവന്റെ നേതൃത്വത്തിൽ 150 -ൽപ്പരം കുടുബശ്രീ പ്രവർത്തകർ കേരഫെഡിന്റെ അധീനതയിൽ ഉള്ള 10 ഏക്കർ തരിശു നിലത്തിൽ നെൽ കൃഷി ചെയ്തുവരുന്നുണ്ട്. പ്രസ്തുത സ്ഥലത്തിനു 2017 മുതൽ പ്രതിവർഷം 10,000/- രൂപ പാട്ടക്കൂലി നിശ്ചയിച്ചിട്ടുണ്ട്.<br>കരുനാഗപ്പള്ളി കേരഫെഡ് ഓയിൽ കോംപ്ലക്സിനുവേണ്ടി ഏറ്റെടുത്ത ഭൂമിയിൽ തരിശായി കിടക്കുന്ന പ്രദേശത്ത് കൃഷി ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് കൃഷി വകുപ്പിൽ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല.<br>25-04-2019 ലെ കൊല്ലം ജില്ലാ കളക്ടറുടെ കത്ത് പ്രകാരം കേരഫെഡിന്റെ 10 ഏക്കർ തരിശുഭൂമി നെൽകൃഷിക്ക് അനുവദിക്കണമെന്ന ആവശ്യം 06-05-2019 ൽ കൂടിയ കേരഫെഡ് എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്യുകയും ടി കമ്മിറ്റിയുടെ 10/10 തീരുമാനപ്രകാരം കേരഫെഡിന്റെ കരുനാഗപ്പള്ളി ഫാക്ടറിയുടെ അധീനതയിലുള്ള സ്ഥലം കേരഫെഡിന്റെ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി നീക്കിവച്ചിട്ടുള്ള സ്ഥലമാണെന്നും, ടി സ്ഥലത്ത് ആർ.കെ.വി.വൈ പദ്ധതി പ്രകാരമുള്ള പുതിയ യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞെന്നും, കേരഫെഡിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് വേണ്ടിയുള്ള നാളികേര ഉല്പാദനത്തിനായി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നതിനായി ടി സ്ഥലം ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ വനിതാ കൂട്ടായ്മയ്ക്ക് നെൽവയൽ കൃഷിയ്ക്കായി വിട്ടു നൽകാൻ സാധിക്കുകയില്ലായെന്ന് കൊല്ലം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യുന്നതിന് പാട്ടം നിശ്ചയിച്ചിട്ടുണ്ടോ; എത്ര രൂപയാണ് പാട്ടമായി നിശ്ചയിച്ചിട്ടുള്ളത്; | | |
| (സി) | പാട്ടത്തുക ഒഴിവാക്കി കൃഷി ചെയ്യുന്നതിന് അനുമതി നൽകുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ